KSIDC
Keston Road, Kowdiar, Thiruvananthapuram - 695 003, Kerala, India
Tel: +91-471-2318922 | Fax: +91-471-2315893
Email: ksidc@vsnl.com | www.ksidc.org
CIN: U45309KL1961SGC001937

16.08.2019

കെ.എസ്.ഐ.ഡി.സി/തിരു/LSP/2019/1037

## ദർഘാസ് ലേല പരസ്യം

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വെയിലൂർ വില്ലേജിൽ സർവേ നമ്പർ 182,183,185,186 എന്നിവയിലായി നിന്നിരുന്ന കുറച്ച് റബർ, ആഞ്ഞിലി, തെങ്ങ് എന്നീ മരങ്ങൾ മുറിച്ച് തടികളാക്കി സൂക്ഷിച്ചിട്ടുള്ളത് നീക്കം ചെയ്യാനും, കൂടാതെ ഒരു പ്ലാവ് മുറിച്ച് പൂർണ്ണമായും അവയുടെ വേര് സഹിതം നീക്കം ചെയ്യുന്നതിനും താൽപര്യമുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ/കോൺട്രാക്റ്റർമാർ എന്നിവരിൽ നിന്നും സീൽ ചെയ്ത കവറിൽ ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ് പരസ്യം കെ.എസ്.ഐ.ഡി.സി, കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം നഗരസഭാ കാര്യാലയം എന്നിവിടങ്ങളിൽ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ദർഘാസുകൾ 2019 ആഗസ്റ്റ് 26 ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുമ്പായി തിരുവനന്തപുരം വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേദിവസം തന്നെ 3.00 മണിയ്ക്ക് ദർഘാസുകൾ തുറക്കുന്നതാണ്.വൈകി കിട്ടിയതോ യഥാവിധി അല്ലാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാൻ പാടില്ല. ദർഘാസ് നൽകുന്നവർ അവരുടെ സ്വന്തം ചെലവിൽ ടി സർവേ നമ്പരിൽ ഉള്ള ലേലവസ്തുക്കൾ പരിശോധിക്കാവുന്നതാണ്. കൂടാതെ പ്രസ്തുത ലേല സാധനങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെങ്കിലും ക്ലിയറൻസ് ആവശ്യമായി വന്നാൽ അത് സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.

ലേല വസ്തുക്കളുടെ വിശദവിവരങ്ങൾ വ്യവസായ വികസന കോർപ്പറേഷന്റെ തിരുവനന്തപുരം ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ (10 മണി മുതൽ 5 മണി വരെ) ലഭിക്കുന്നതാണ്. ദർഘാസുകൾ പ്രത്യേക കാരണമൊന്നും ബോധ്യപ്പെടുത്താതെ തന്നെ നിരസിക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ്. കേരള വന നിയമം 1961 75A പ്രകാരം ലേല തുകയുടെ 5% വന വികസന നികുതിയായി ഒടുക്കേണ്ടതാകുന്നു. ഇതിന് പുറമേ വന നികുതിയുടേയും ലേല തുകയുടെയും 18% GST യും ഈടാക്കുന്നതാണ്. ആയതിനാൽ ലേല തുകയ്ക്കു പുറമേ മേൽപ്പറഞ്ഞ നികുതികളും ബാധകമായിരിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ നിശ്ചിത ദിവസം ലേലം നടത്താനാകാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്. ലേലം പിടിച്ചയാൾ അന്ന് തന്നെ ലേലതുക കെട്ടിവച്ച് 7 ദിവസത്തിനകം ലേലസാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

for

മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന വ്യവസായ
വികസന കോർപ്പറേഷൻ ലിമിറ്റഡ്
ഫോൺ 0471 2318922